(ഇ) സൗകര്യപ്രദമായ മൂന്ന് കെട്ടിടങ്ങൾ പരിശോധിച്ച് വരികയാണ്. അനുയോജ്യമായ കെട്ടിടം തീരുമാനിച്ചു കഴിഞ്ഞാൽ ഉടൻതന്നെ മാറുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

പാലക്കാട് ജില്ലയിലെ വ്യവസായ സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ നിയന്ത്രണം

181 [900] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ക്ഷാമം കണക്കിലെടുത്ത് അനിയന്ത്രിതമായി വൈദ്യുതി ഉപയോഗിക്കേണ്ടി വരുന്നതും ജോലി സാധ്യത കുറവായതുമായ വ്യവസായ സ്ഥാപനങ്ങൾ എത്രയുണ്ടെന്ന് പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പാലക്കാട് ജില്ലയിൽ ഇത്തരത്തിൽ എത്ര കമ്പനികളുണ്ട്;

(സി) ഭാവിയിൽ ഇത്തരം വ്യവസായ സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 17-12-1996-ന് ശേഷം പവർ അലോക്കേഷൻ നൽകിയിട്ടുള്ള എച്ച്.റ്റി./ഈ.എച്ച്.റ്റി. പവർ ഇന്റൻസീവ് വ്യവസായങ്ങളുടെ പീക്ക് ടൈമിലുള്ള (വൈകുന്നേരം 6.00 മുതൽ രാത്രി 10.00 മണി വരെ) വൈദ്യുതി ഉപയോഗത്തിന് നിലവിലുള്ള വൈദ്യുതി നിരക്കിന്റെ ഇരട്ടി ചാർജ്ജ് ഈടാക്കുന്നതിന് വ്യവസ്ഥയുണ്ട്. ഈ നിബന്ധന നിലവിലുള്ള എച്ച്.റ്റി./ഈ.എച്ച്.റ്റി. പവർ ഇന്റൻസീവ് വ്യവസായങ്ങളുടെ അഡീഷണൽ പവർ അലോക്കേഷനും ബാധകമായിട്ടുണ്ട്. ഭാവിയിൽ ഇത്തരം വ്യവസായ സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന കാര്യം കേരള സ്റ്റേറ്റ് റഗുലേറ്ററി കമ്മീഷന്റെ അധികാര പരിധിയിൽപ്പെടുന്ന കാര്യമാണ്.

കുളനട ബ്ലോക്കിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ നിയമനവും വികസന പ്രവർത്തനങ്ങളും

182 [913] ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ കുളനട ബ്ലോക്കിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക നാളുകളായി ഒഴിഞ്ഞുകിടന്നതിനാൽ എം.എൽ.എ. ഫണ്ടിന്റെ ഉപയോഗവും മറ്റു വികസന പ്രവർത്തനങ്ങളും സ്തംഭനാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഒഴിവ് എന്നത്തേക്ക് നികത്താനാകും എന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly